**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4690** **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും സുരക്ഷിത മേഖലയിലേക്ക് മാറിതാമസിക്കാൻ സമ്മതം അറിയിച്ചവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | പുനർഗേഹം പദ്ധതി പ്രകാരം 20.10.2021 വരെ സുരക്ഷിതമേഖലയിലേയ്ക്ക് മാറിത്താമസിക്കുവാൻ സമ്മതം അറിയിച്ചത് 7682 കുടുംബങ്ങൾ ആണ് . |
| (ബി) | ഇവരിൽ നാളിതുവരെ മാറ്റിപ്പാർപ്പിച്ചിട്ടുള്ള കുടുംബങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; മുഴുവൻ കുടുംബങ്ങളെയും എന്നത്തേക്ക് മാറ്റിപ്പാർപ്പിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ബി) | 907 കുടുംബങ്ങളെ ഇതിനകം മാറ്റി പാർപ്പിച്ചിട്ടുണ്ട്. കൂടാതെ 20.10.2021 വരെ 2437 ഗുണഭോക്താക്കൾക്ക് ഭൂമിവില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 1795 ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1308 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലും, ഇതിൽ 631 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. 276 പേരെ ഫ്ളാറ്റുകളിലേയ്ക്ക് പുനരധിവസിപ്പിച്ചിട്ടുണ്ട്. ഭൂമി കണ്ടെത്താനുള്ള നടപടിയും, ഫ്ലാറ്റുകൾ നിർമ്മിക്കാനുള്ള നടപടിയും ധ്രുതഗതിയിൽ സ്വീകരിച്ച് വരുന്നു. ജില്ലകൾക്ക് വ്യക്തമായ ടാർജെറ്റ് നൽകി മുഴുവൻ കുടുംബങ്ങളെയും പദ്ധതി കാലയളവിൽ മാറ്റി പാർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ